**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6610** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഓൾസീസൺ ടൂറിസം ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഒരു ഓൾസീസൺ ടൂറിസം ഹബ്ബായി രൂപപ്പെടുത്തുന്നതിന് കേരളത്തിന്റെ ആകർഷകമായ കാലാവസ്ഥാ വൈവിധ്യം എങ്ങനെ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ ഓൾസീസൺ ടൂറിസം ഹബ്ബായി രൂപപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ചുവരുന്നു. അതിന്റെ ആദ്യപടിയായി വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഉത്സവങ്ങളും ആഘോഷങ്ങളും ടൂറിസം ആക്ടിവിറ്റീസും ഉൾപ്പെടുത്തിയ ടൂറിസം കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അടുത്ത കാലത്തായി ടൂറിസം ഓണാഘോഷം വലിയതോതിൽ ജനശ്രദ്ധ ആകർഷിക്കുന്നതുമായതിനാൽ വിദേശ ആഭ്യന്തര ടൂറിസ്റ്റുകളുടെ സാന്നിധ്യം വർദ്ധിച്ചു വരുന്നുണ്ട്.<br><br>മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സമ്മർ വെക്കേഷൻ ക്യാമ്പയിൻ വഴി ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ഇതിനായി ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും മിഡിൽ രാജ്യങ്ങളിലും പരസ്യ പ്രചാരണം നടത്തുന്നുണ്ട്.<br><br>കൂടാതെ ആഗസ്റ്റ് മാസം ആരംഭിച്ച് ഡിസംബർ വരെ നീണ്ടുനിൽക്കുന്ന ചാമ്പ്യൻ ബോട്ട് ലീഗ് അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ച് വരുന്നുണ്ട്. വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ടൂറിസം പ്രവർത്തനങ്ങൾ നിലവിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയും പ്രചാരണം നൽകി വരുകയും ചെയ്യുന്നുണ്ട്.<br><br>ഇതുകൂടാതെ ആകർഷകമായ കാലാവസ്ഥാ വൈവിധ്യം ഉപയോഗപ്പെടുത്തുന്നതിന് വിവിധ സീസണുകൾക്ക് അനുസൃതമായ പാക്കേജുകൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നുണ്ട്. വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, അഗ്രി ടൂറിസം |

| | | | |
|---|---|---|---|
| | | | പാക്കേജുകൾ, ഫെസ്റ്റിവൽ ടൂറിസം പാക്കേജുകൾ എന്നിവയെല്ലാം നിലവിൽ സീസണുകൾക്ക് അനുസൃതമായി നടത്തി വരുന്ന പാക്കേജുകളാണ്. ഓഫ് സീസണായി വിശേഷിപ്പിക്കുന്ന മൺസൂൺ കാലത്ത് മൺസൂൺ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. വയനാട്ടിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ Mud festival സംഘടിപ്പിക്കുന്നു. |
| (ബി) | വിവിധ കാലാവസ്ഥയിൽ വിവിധ ഭൂപ്രകൃതികളെ ഉപയോഗിക്കാൻ കഴിയാവുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് ടൂറിസം മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | വിവിധ ഭൂപ്രകൃതികളിൽ അതാത് സീസണുകൾക്ക് അനുസൃതമായ കാർഷിക വൈവിധ്യങ്ങൾ അനുഭവിച്ചറിയുന്നതിന് അഗ്രി ടൂറിസം പാക്കേജുകൾ, വിവിധ സീസണുകളിൽ ഉത്സവ കലണ്ടറുകൾക്ക് അനുസൃതമായ ഫെസ്റ്റിവൽ ടൂറിസം പാക്കേജുകൾ എന്നിവയെല്ലാം നിലവിൽ സീസണുകൾക്ക് അനുസൃതമായി നടത്തി വരുന്ന പാക്കേജുകളാണ്. |

സെക്ഷൻ ഓഫീസർ